പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1371 03/12/2018-ൽ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പുകളുടെ ഏകോപനം

**ചോദ്യം**

ശ്രീ. ബി. സത്യൻ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം എന്നീ വകുപ്പുകൾ ഏകോപിപ്പിക്കാൻ ആലോചനയുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏകോപനത്തിന്റെ ഭാഗമായി അദ്ധ്യാപകർക്കും, ജീവനക്കാർക്കും ഉള്ള ആശങ്കകൾ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; പരിഹാരമാർഗ്ഗങ്ങൾ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) യും (ബി) യും

2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം.എ ഖാദർ ചെയർമാനായി ഒരു മൂന്നംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട് മറ്റു പല നിർദ്ദേശങ്ങളോടൊപ്പം 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകും വിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശിക്കുന്നതിനായി ടി സമിതിയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**